# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3199 — 20.12.2012-ലെ മറുപടിക്ക്

## കരയാംപറമ്പ് ദേശീയപാതയിലെ അപകടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കരയാംപറമ്പ് ജംഗ്ഷനിലെ ദേശീയ പാത നിർമ്മാണത്തിലെ അശാസ്ത്രീയത കൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

(എ). & (ബി) കൺസഷൻ എഗ്രിമെന്റ് അനുസരിച്ച് എൻ.എച്ച്.47-ലെ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള നാല്/ആറ് വരി പാതയുടെ നിർമ്മാണത്തിൽ കരയാംപറമ്പ് ജംഗ്ഷനിൽ ഒരു മീഡിയൻ ഓപ്പണിംഗ് ഇല്ല. ഒരു വെർട്ടിക്കൽ വളവും, ഹൊറിസോൺണ്ടൽ വളവും, പാലത്തിന്റെ സാമീപ്യവും കൂടി ഒത്തു ചേരുന്ന ജംഗ്ഷനെന്ന പ്രത്യേകത ടി ജംഗ്ഷനുണ്ട്. ഇവിടെ മീഡിയൻ ഓപ്പണിംഗ് കൊടുക്കുന്നത് തീരെ അശാസ്ത്രീയമാണ്. ആയതിനാലാണ് ടി ഭാഗത്ത് മീഡിയൻ ഓപ്പണിംഗ് ടി പ്രവൃത്തിയിൽ ഉൾപ്പെടുത്താതിരുന്നത്. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പ് കാരണം നിലവിലുള്ള ഈ സെൻട്രൽ മീഡിയൻ ഓപ്പണിംഗ് അടയ്ക്കാൻ സാധിച്ചിട്ടില്ല ഇത് നിരവധി അപകടങ്ങൾക്ക് കാരണവുമാകുന്നു. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ ഇവിടെ ഒരു സിഗ്നൽ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

ഇനി ടി ജംഗ്ഷനിൽ എന്ത് പുതിയ പ്രവൃത്തിയും ചെയ്യുകയാണെങ്കിൽ അത് ടി പണിയുടെ സ്കോപ്പ് ഓഫ് വർക്കിനെ ബാധിയ്ക്കുകയും ആയതിന്റെ അധിക ചെലവ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും വേണമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. എന്നിട്ടും അപകടം കുറയുന്നില്ലെങ്കിൽ ടി സെൻട്രൽ മീഡിയൻ ഓപ്പണിംഗ് അടയ്ക്കേണ്ടതായി വരും.

എങ്കിലും കരയാംപറമ്പിലെ പ്രശ്നം പഠിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും കൺസഷണർ പ്രതിനിധിയും അടങ്ങുന്ന ഒരു സമിതിയെ 18.12.12-ൽ നടന്ന മീറ്റിംഗിൽ വച്ച് ബഹു: മുഖ്യമന്ത്രി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ